

► ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയന്റെ സഹായത്തോടെ നവീകരിച്ച ലബോറട്ടറി പ്രവർത്തനം എ പ്രദീപ്കുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

# കോട്ടപ്പറമ്പ് ഗവ. ആശുപത്രിക്ക് ബിഎസ്എൻഎൽ ജീവനക്കാരുടെ കൈത്താങ്ങ്

**കോഴിക്കോട്** > കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ലബോറട്ടറി ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയന്റെ സഹായത്തോടെ നവീകരിച്ചു. കോഴിക്കോട്ട് നടന്ന സംസ്ഥാന സമ്മേളന നടത്തിപ്പിനായി ജീവനക്കാരിൽനിന്നും സമാഹരിച്ച സംഭാവനയിൽ മിച്ചം വന്ന തുകയാണ് ഇതിനുപയോഗിച്ചത്.

നവീകരിച്ച ലബോറട്ടറി പ്രവർത്തനം എ പ്രദീപ്കുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. ആശുപത്രി സൂപ്രണ്ട് ഡോ. രമേഷ്, ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാ നേതാക്കളായ വി എഎൻ നമ്പൂതിരി, എം വി ജയകുമാർ, സംസ്ഥാന ഭാരവാഹികളായ വി ഭാഗ്യലക്ഷ്മി, എ പുരുഷോത്തമൻ, ജില്ലാ പ്രസിഡന്റ് കെ സുരേന്ദ്രൻ, സെക്രട്ടറി കെ വി ജയരാജൻ എന്നിവർ സംസാരിച്ചു.